രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചലച്ചിത്രമേള

മത്സരവിഭാഗത്തിൽ 66 ചിത്രങ്ങൾ

തിരുവനന്തപുരം: ഏഴു മുതൽ 11 വരെ തിരുവനന്തപുരത്തു നടക്കുന്ന ആറാമത് രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചലച്ചിത്രമേളയുടെ മത്സരവിഭാഗത്തിൽ 66 ചിത്രങ്ങൾ മാറ്റുരയ്ക്കും. അനിമേഷൻ, കാമ്പസ് ഫിലിം, ലോംഗ് ഡോക്യുമെന്ററി, മ്യൂസിക് വീഡിയോ, ഷോർട്ട് ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ എന്നീ ആറ് വിഭാഗങ്ങളിലാണ് മത്സരം.

കാൻ ചലച്ചിത്ര മേളയിൽ പ്രേക്ഷകപ്രശംസനേടിയ തോമസ് മത്തായിയുടെ 'ആൽഫി'യും ഡച്ച് ചിത്രകാരൻ വിൻസെന്റ് വാൻ ഗോഗും അദ്ദേഹത്തിന്റെ മാഡലുകളും തമ്മിലുള്ള ആത്മബന്ധത്തെ കുറിക്കുന്ന സന്തോഷ് ജി. നായരുടെ 'ബ്ലൂഡിഗ്രേ' ഡോക്യുമെന്ററി ഫിക്ഷനിൽ മത്സരിക്കുന്ന മലയാള ചിത്രങ്ങളാണ്. കുട്ടനാടിന്റെ ജൈവവൈവിധ്യങ്ങൾ കർഷകന്റെ കണ്ണുകളിലൂടെ ആവിഷ്കരിക്കുന്ന സന്തോഷ് ശിവന്റെ 'ഒരു കുട്ടനാടൻ കർഷകൻ', ഇന്ത്യൻ നഗരജീവിതത്തിന്റെ യഥാർത്ഥമുഖമായ സ്ലന്ദൻ ബാനർജിയുടെ 'ടു-ലെറ്റ് എന്നിവ ഉൾപ്പെടെയുള്ള ചിത്രങ്ങൾ ലോംഗ് ഡോക്യുമെന്ററി വിഭാഗത്തിൽ പ്രദർശനത്തിനെത്തും.

ആധാർ കാർഡിനെക്കുറിച്ചുള്ള ശുഭശ്രീ കൃഷ്ണന്റെ 'ദിസ് ഓർ ദാറ്റ് പർട്ടിക്കുലർ പേഴ്സണു'വ് ഇന്ത്യ-പാക് വിഭജനം മുതൽ മുംബയ് ഭീകരാക്രമണം വരെ ചിത്രീകരിച്ചിരിക്കുന്ന ഗൗരി ഛദ്ദയുടെ ഗവാഹം ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരിക്കുന്നുണ്ട്. ഇറ്റാലിയൻ സിനിമാ നിരൂപകൻ ഗിയോന നസറോ, ടിബറ്റൻ എഴുത്തുകാരനും ചലച്ചിത്രകാരനുമായ കെസാംഗ് സെറ്റൻ, മലയാള ഡോക്യുമെന്ററി സംവിധായകൻ എം. ആർ. രാജൻ, തമിഴിലെ പുതുനിര സംവിധായകരിൽ പ്രമുഖൻ വെട്രിമാരൻ, പ്രൊഡക്ഷൻ ഡിസൈനർ പ്രകാശ് മൂർത്തി, നടനും തിരക്കഥാകൃത്തുമായ അർജുൻ രജബാലി എന്നിവരാണ് മേളയുടെ വിധികർത്താക്കൾ. ഐ.ഡി.എസ്.എഫ്.എഫ്.കെയുടെ പാർട്ണറും ലോകത്തിലെ ഏറ്റവും പ്രധാന ഡോക്യുമെന്ററി ചലച്ചിത്രമേളയുമായ സ്റ്റീറ്റ്സ്ലൻഡിയെനിയോണിൽ നടന്നുവരുന്ന വിഷൻ ടു റീൽ ഫെസ്റ്റിവൽ പുരസ്കാരം നേടിയ 'ഹൈവൻ നോ മാഡ്', 'ടീ ഓർ ഇലക്ട്രിസിറ്റി', 'സബേർഗ് ഫോർ എക്സാമിൾ', 'മാന്യസ് ലോ' എന്നീ ഡോക്യുമെന്ററികൾ പ്രത്യേകമായി പ്രദർശിപ്പിക്കും.

ഗൗരി ഛദ്ദയുടെ 'ഗവാഹ്' രാജ്യാന്തര ഡോക്യുമേളയിൽ

തിരുവനന്തപുരം: രാജ്യാന്തര ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിലെ മത്സരവിഭാഗത്തിലേക്ക് പ്രശസ്ത സംവിധായിക ഗൗരി ഛദ്ദയുടെ ഡോക്യുമെന്ററി 'ഗവാഹ്' തിരഞ്ഞെടുക്കപ്പെട്ടു. 1947 ഇന്ത്യാ-പാക് വിഭജനം മുതൽ 2008ലെ മുംബയ് ഭീകരാക്രമണത്തിലും 2011ലെ സ്ഫോടനപരമ്പരയിലും ഇരയായവരുടെ യാതനകളാണ് ഗവാഹ് പറയുന്നത്. ഈമാസം 7 മുതൽ തിരുവനന്തപുരത്ത് തുടങ്ങുന്ന ഫെസ്റ്റിവലിൽ 11ന് ഉച്ചയ്ക്ക് 12നാണ് ഗവാഹ് പ്രദർശിപ്പിക്കുക. സോണി ഇ എക്സ് 3, കാനൻ 5 ഡി മാർക് 2 എന്നീ കാമറകൾ ഉപയോഗിച്ച് 10 ദിവസം കൊണ്ട് യഥാർത്ഥ സ്ഥലങ്ങളിലാണ് ഗവാഹ് ചിത്രീകരിച്ചിരിക്കുന്നത്. നിരവധി അന്താരാഷ്ട്ര-ദേശീയ ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ച ഗവാഹ്, അരിസോണ, കാലിഫോർണിയ ഫിലിം മേളകളിലടക്കം നിരവധി പുരസ്കാരങ്ങളും നേടി.

വീരവിജയൻ.

സബ് ഇൻസ്പെക്ടർ എൻ. കുമാരദാസ്.

ജില്ലാപവർലിഫ്റ്റിംഗ് അസോസിയേഷൻ മാസ്റ്റേഴ്സ് വിഭാഗത്തിൽ രണ്ട് സ്വർണമെഡൽ നേടിയ ആർ. സതു. പബ്ലിയുറീ വിഭാഗത്തിൽ കേരള ജിംഖാന അംഗവും പി ആൻഡ് ടി ആൾ ഇന്ത്യാ ചാമ്പ്യനുമാണ്.

കോൺട്രാക്ടേഴ്സ് അസോ.സെക്രട്ടേറിയറ്റ് മാർച്ച്

തിരുവനന്തപുരം: സർക്കാരിന്റെ ടെൻഡർ നയം തിരുത്തണമെന്നാവശ്യപ്പെട്ട് കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ 10ന് സെക്രട്ടേറിയറ്റ് മാർച്ചുനടത്തുമെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വർഗീസ് കണ്ണമ്പള്ളി പത്രസമ്മേളനത്തിൽ ആരോപിച്ചു.

അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കരാറുകാർക്കുവേണ്ടി നടപ്പാക്കുന്ന 'നൈപുണ്യ വികസന പദ്ധതി'യുടെ ഭാഗമായി ജില്ലാതല പഠന കളരി നാളെ രാവിലെ 10ന് പ്രസ്ക്লബ് ഹാളിൽ നടക്കും. കേരള നിർമ്മിതി പഠനകേന്ദ്രം, ടാറ്റാകൺസട്ടൻസി എന്നിവയുടെ നേതൃത്വത്തിൽ ഇ-ടെൻഡറിനെക്കുറിച്ചും പുതുക്കിയ മരാമത്ത് മാനുവലിനെക്കുറിച്ചും ചർച്ച നടക്കും.

ടെൻഡർ തുക നിശ്ചയിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടില്ലെന്നും വിപണി നിരക്ക് പരിശോധിക്കുന്നതിന് സംവിധാനമില്ലെന്നും വർഗീസ് കണ്ണമ്പള്ളി പറഞ്ഞു. ഭാരവാഹികളായ അഷറഫ് കടവിളാകം, ആർ. വിശ്വനാഥൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പകർച്ചപ്പനി തടയാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് നടത്തിയ മാർച്ച്

ചികിത്സയിലിരുന്ന രോഗി മരിച്ചു; മെഡി. കോളേജിൽ സംഘർഷം

തിരുവനന്തപുരം: മെഡിക്കൽ കോളേജ് ആശുപത്രിയിൽ പനി ബാധിച്ച് ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗി മരിച്ചതിനെ തുടർന്ന് സംഘർഷം. പട്ടാഴി നടുത്തേരി പാലക്കുന്നിൽ കിഴക്കതിൽ വീട്ടിൽ അപ്പുക്കുട്ടൻ നായരുടെ ഭാര്യ ഉഷാകുമാരി (40) ആണ് ഇന്നലെ രാവിലെ മരിച്ചത്.

ഡോക്ടർമാരുടെ അനാസ്ഥയാണ് മരണകാരണമെന്ന് ആരോപിച്ച് ബന്ധുക്കളാണ് ബഹളമുണ്ടാക്കിയത്. കഴിഞ്ഞ മൂന്നിനാണ് രോഗം മൂർച്ഛിച്ച ഇവരെ കൊല്ലത്തു നിന്ന് റഫർ ചെയ്ത് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചത്. 21-ാം വാർഡിൽ ചികിത്സയിലായിരുന്നു.

സംഘർഷത്തെ തുടർന്ന് മെഡിക്കൽ കോളേജ് പൊലീസ് സ്ഥലത്തെത്തി. പോസ്റ്റ്മോർട്ടം കൂടാതെ മൃതദേഹം ആശുപത്രി അധികൃതർ ബന്ധുക്കൾക്ക് വിട്ടുകൊടുത്തിരുന്നു. എന്നാൽ ചികിത്സാ പിഴവുമൂലമാണ് മരണം സംഭവിച്ചതെന്ന് ആരോപണം ഉയർന്നതിനെ തുടർന്ന് ആംബുലൻസിൽ കയറ്റിയ മൃതദേഹം ആശുപത്രി അധികൃതർ തിരികെ ഇറക്കി മോർച്ചറിയിലേക്ക് മാറ്റി പോസ്റ്റുമോർട്ടം നടത്തി. സംഭവം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ബന്ധുക്കൾ മെഡിക്കൽ കോളേജ് സൂപ്രണ്ടിനും പൊലീസിനും പരാതി നൽകി.

സെമിനാറും പരീക്ഷയും

തിരുവനന്തപുരം: തിരുമല കോൺഫിഡന്റ് കോച്ചിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കമ്പനി/ബാർഡ് അസിസ്റ്റന്റ് ഗ്രേഡ് 2 പരീക്ഷയെഴുതുന്ന വർക്കായി സൗജന്യസെമിനാറും മത്സരപരീക്ഷയും നാളെ രാവിലെ 10 മുതൽ തിരുമല സെന്ററിൽ നടക്കും. ഫോൺ: 9387261636, 9946464776.

ഇന്ന് വിവാഹിതരാവുന്നു (05.06.2013)

അജേഷ്. ജി.എസ്
S/o ഗോപകുമാർ. എൻ
(കേരളകൗമുദി ഏജന്റ്)
വലത്തേച്ചിറവീട്, കിഴക്കുംകര,
കുളത്തൂർ പി. ഒ., തിരുവനന്തപുരം-83,
Phone: 9946369529.

അനീഷ. എസ്
D/o വാസുദേവൻ. പി,
കുഞ്ചുവിളാകത്ത്‌വീട്,
ഇടഞ്ഞാറുമൂല
ശാസ്തവട്ടം.

വിവാഹസ്ഥലം: എം. എസ്. ആർ. ആഡിറ്റോറിയം, മംഗലപുരം.
മുഹൂർത്തം: രാവിലെ 10.30-നുമേൽ 11.00 മണിക്കകം.
ആശംസകളോടെ: കേരളകൗമുദി.

SSLC/PLUS TWO

MBBS | BDS | BE | MBA

MCI, DCI, AICTE Approved Colleges only
MBBS - 12 Lakh, BDS - 4 Lakh
BE - 65,000 in Reputed College
BSc (N) - 45,000, B.Pharm. - 55,000
MBA - 3,50,000 (Package)
BBA & BCA, BCom - 40,000

jelitta EDUCARE & HR CONSULTANCY (P)LTD
The Esplanade, Fourth Floor, Convent Junction, Cochin. 0484-4073552, 9048025552, www.jelittaedu.com

KARAVALI GROUP OF COLLEGES, MANGALORE
(Affiliated to MU, RGUHS & VTU and Recognised by AICTE, PCI, KNC, INC & Govt.)
NH 66, Kottarachowki, Mangalore, Karnataka - 575 013 Ph: 0824-2455555, Cell: 9591263620
e-mail: info@karavalicollege.com COURSES OFFERED web: www.karavalicollege.ac.in

ENGINEERING
BE: Aeronautical Eng. • Information Science • Computer Science • Electrical & Electronics • Electronics & Communication • Mechanical • Civil
Eligibility: Pass in 10+2 / PUC with 45% marks in Physics, Maths, Chemistry / Biology / Comp. Science / Electronics.

M.Tech: Industrial Automation & Robotics • Construction Technology • Machine Design • Digital Electronics
Eligibility: 50% in B.E. degree in relevant field.

Direct II BE Lateral Admission for B.Sc./Diploma Holders - ISE - E&C - E&E - CSE - MECH. - CIVIL - AERONAUTICAL

M.Pharm: Quality Assurance • Pharmaceutics • Pharmacology
B.Pharm: Elg.: 10+2 with 40% in PCM/PCB.
Pharm D.: Elg.: 10+2 with 50% in PCM/PCB or D.Pharm.
POST BACCALAUREATE PHARM D.: Elg.: Pass in B.Pharm with 50% marks

13th day of Demise